**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1077** **24-02-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് മത്സ്യബന്ധന തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri Saji Cherian** (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് മത്സ്യതുറമുഖത്തിന്റെ അലൈൻമെന്റ് പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ വടക്കുഭാഗത്തെയും തെക്കുഭാഗത്തെയും ബ്രേക്ക് വാട്ടറുകൾ എത്ര മീറ്ററുകൾ ദീർഘിപ്പിക്കേണ്ട പ്രവൃത്തിയാണ് നടപ്പാക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലെ വടക്കുഭാഗത്തെ പുലിമുട്ടിൽ നിന്നും ഏകദേശം 240 മീറ്റർ മാറി 530 മീറ്റർ നീളമുള്ള പുതിയ ഒരു പുലിമുട്ടും, അതോടൊപ്പം തെക്കു ഭാഗത്തെ പുലിമുട്ട് 200 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതിനുമാണ് അലൈൻമെന്റ് പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ. |
| (ബി) | ഇപ്പോൾ പുരോഗമിക്കുന്ന പ്രവൃത്തി ഏതാണെന്നും എത്ര രൂപയുടെ പ്രവൃത്തിയാണെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് നോർത്ത് ബ്രേക്ക് വാട്ടർ 200 മീറ്റർ (-30 മുതൽ 170 മീറ്റർ വരെ) ദീർഘിപ്പിക്കുന്നതിനുള്ള പ്രവർത്തിയാണ് പുരോഗമിക്കുന്നത്. 1720 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള പ്രസ്തുത പ്രവർത്തി 2022 മാർച്ചോട് കൂടി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇനി ബാക്കിയുള്ള പ്രവൃത്തി ഏതാണെന്നും ഇതിനായുള്ള എസ്റ്റിമേറ്റും ഡി.പി.ആർ. ഉം തയ്യാറാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | വടക്കു ഭാഗത്തെ പുലിമുട്ടിന്റെ നീളം 330 മീറ്ററും, തെക്കു ഭാഗത്തെ പുലിമുട്ടിന്റെ നീളം 200 മീറ്ററും വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവൃത്തിക്കായി തയ്യാറാക്കിയ 4200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഡി.പി.ആറും പരിശോധിച്ചു വരുന്നു. |
| (ഡി) | ഇതിലേക്കുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കമോ? | (ഡി) | വടക്കു ഭാഗത്തെ പുലിമുട്ടിന്റെ നീളം 330 മീറ്ററും, തെക്കു ഭാഗത്തെ പുലിമുട്ടിന്റെ നീളം 200 മീറ്ററും വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവൃത്തിക്കായി തയ്യാറാക്കിയ 4200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഡി.പി.ആറും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ